**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5088 | | 28.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക്-ഇലക്ട്രോണിക് മാലിന്യങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എം.ഉമ്മർ<br>ഡോ.എം.കെ.മുനീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഗ്രാമപ്രദേശങ്ങളിൽ തദ്ദേശീയമായുള്ളതിനു പുറമെ നഗരങ്ങളിലെ ജൈവ മാലിന്യങ്ങളോടൊപ്പം പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങളും ധാരാളമായി നാട്ടിൻപുറങ്ങളിൽ നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രവണത ഗ്രാമങ്ങളിലെ പാരിസ്ഥിതിക സന്തുലനത്തെയും കൃഷിയെയും പ്രതികൂലമായി ബാധിക്കുമെന്നതു കണക്കിലെടുത്ത് ആവശ്യമായ നടപടികൾക്ക് രൂപം നൽകുമോ? | (ബി) | നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ശുചിത്വമിഷൻ മുഖേന സ്വീകരിച്ച് വരുന്നുണ്ട്. ഇ-മാലിന്യങ്ങൾ ഒരു നിശ്ചിത തുകയ്ക്ക് ക്ലീൻ കേരള കമ്പനി മുഖേന സ്വീകരിക്കുകയും അവ പുനഃചംക്രമണം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി എടുക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുവാനും വീടുകളിൽ കൃഷി വ്യാപിപ്പിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ